ICPS4(B)/7231/16

ഐ.സി.പി.എസ്
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:08/02/2018

ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്
തിരുവനന്തപുരം

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജില്ലാ ജെ ജെ സ്ഥാപന സൂപ്രണ്ട്മാർക്കും

സർ,

വിഷയം:- വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സാലറി അരിയർ - പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1.സർക്കാർ ഉത്തരവ് നമ്പർ സ ഉ(കൈ) നമ്പർ 32/2017/സനീവ തീയതി:26/07/2017
2.ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി:16/08/2017
3.ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം നമ്പർ:20 തീയതി:18/12/2017
4.സർക്കാർ ഉത്തരവ് നമ്പർ സ.ഉ (പി) നമ്പർ 28/2016/ധന തീയതി:26/02/2017
5.സർക്കാർ ഉത്തരവ് നമ്പർ സ.ഉ (പി) നമ്പർ 56/2017/ധന തീയതി:28/04/2017

മേൽ സൂചന 4, 5 സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ കാര്യാലയങ്ങളിൽ ദിവസ വേതന / കരാർ വ്യവസ്ഥയിൽ നിലവിലുള്ള തസ്തികകൾ കാറ്റഗറി തിരിച്ച് ശമ്പളം നിശ്ചയിച്ച് ഉത്തരവായിരിക്കുന്നു. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ വിവിധ വിവിധ ഘടകങ്ങളിലെ തസ്തികകൾ കാറ്റഗറി തിരിച്ച് ശമ്പളം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പദ്ധതിയിലെ വിവിധ ഘടകങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2016 ഏപ്രിൽ മുതലുള്ള സാലറി അരിയർ അനുവദിക്കുന്നത് സംബന്ധിച്ച് ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും മേൽ സൂചന (3) പ്രകാരം സാലറി അരിയർ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതുമാണ്.

ആയതിനാൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലും ജെ ജെ സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2016 ഏപ്രിൽ മുതൽ സാലറി അരിയർ അനുവദിക്കുന്നതിനാവശ്യമായ തുക ആവശ്യപ്പെട്ടുക്കൊണ്ടുള്ള പ്രൊപ്പോസൽ അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(PTO)

അരിയർ കണക്കാകുമ്പോൾ മേൽ സൂചന 4, 5 സർക്കാർ ഉത്തരവുകളുടെ മാനദണ്ഡം പാലിക്കുക. ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമ **Excel Format** –ൽ തയ്യാറാക്കി **Soft Copy** ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

## SALARY ARREAR FOR ICPS STAFF (2016 APRIL – 2017 JULY)

| I | Name of Office | | | | | | | |
|---|---|---|---|---|---|---|---|---|
| | Sl No | Name of the Employee | Designation | Date of Joining | Period of Claim | Category | Present Salry | Amount Arrear |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |